**പതിമൂന്നാം കേരള നിയമസഭ**
**ഒമ്പതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: **64**

12.06.2013 ൽ മറുപടിക്ക്

## പമ്പാ നദീതട അതോറിറ്റിയുടെ പ്രവർത്തനം

| | ചോദ്യം<br>ശ്രീ വി.എം.ഉമ്മർ മാസ്റ്റർ<br>ശ്രീ.റ്റി.എ.അഹമ്മദ് കബീർ<br>ശ്രീ.എൻ.ഷംസുദ്ദീൻ<br>ശ്രീ.എൻ.എ.നെല്ലിക്കുന്ന് | | മറുപടി<br>ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവവകുപ്പ് മന്ത്രി |
|---|---|---|---|
| (എ)<br><br>(ബി) | നദീതട സംരക്ഷണം ലക്ഷ്യമിട്ട് രൂപീകരിച്ച പമ്പാനദീതട അതോറിറ്റിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;<br><br>എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ; | (എ)<br>&<br>(ബി) | ഉണ്ട്. പമ്പാറിവർ ബേസിൻ അതോറിറ്റി 2009-ൽ നിലവിൽ വന്നു. ഈ അതോറിറ്റിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുവാനായി 09.05.2013 ൽ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ, പമ്പാ റിവർബേസിൻ അതോറിറ്റി പ്രോജക്ട് ഡയറക്ടറോട്, അടിയന്തിരമായി പമ്പാനദിയെ മാലിന്യവിമുക്തമാക്കുന്നതിനുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുവാൻ നിർദ്ദേശം നൽകി. ഇത് ബന്ധപ്പെട്ട ഡിപ്പാർട്ട്മെന്റുകളുടെയും. എം..എൽ.എ മാരുടെയും ഗ്രാമപഞ്ചായത്തുകളുടെയും സംയുക്തമായ സഹകരണത്തോടെ തയ്യാറാക്കുവാനാണ് നിർദ്ദേശം നൽകിയത്. |
| (സി) | പ്രസ്തുത അതോറിറ്റിയുടെ രൂപീകരണത്തിനു ശേഷം പമ്പാനദിയുടെ ഉറവിടം, അതിന്റെ ജലാശയങ്ങൾ എന്നിവ മാലിന്യമുക്തമാക്കുന്നതിനും. വീണ്ടും മലിനമാക്കപ്പെടാതിരിക്കാനും എന്തൊക്കെ പദ്ധതികൾ ഏറ്റെടുത്തു നടപ്പാക്കി എന്നതിന്റെ വിശദാംശം നൽകാമോ; | (സി) | പമ്പാറിവർബേസിൻ അതോറിറ്റി രൂപീകരിച്ചതിനു ശേഷം പമ്പാ നദി മാലിന്യവിമുക്തമാക്കാനുള്ള ഒരു റോഡ് മാപ്പ് സംബന്ധിച്ച് യൂറോപ്യൻ യൂണിയന്റെ ധനസഹായത്തോടുകൂടി, യൂറോപ്യൻ യൂണിയൻ ഇന്ത്യ ആക്ഷൻ പ്ലാൻ സപ്പോർട്ട് ഫെസിലിറ്റിയും ജലവിഭവ വകുപ്പും |

| | | | |
|---|---|---|---|
| | | | സംയുക്തമായി പഠനം നടത്തുകയും അതിന്റെ പഠനറിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തു. 950 കോടി രൂപയുടെ റീഫിസിബിലിറ്റി റിപ്പോർട്ട് തയ്യാറാക്കി കേന്ദ്രസർക്കാരിന് 2011- ആഗസ്റ്റിൽ നൽകുകയുണ്ടായി. പമ്പാനദിയുടെ നിലവിലെ സാഹചര്യത്തിൽ 09.05.2013 ൽ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ വീണ്ടും വിശദമായ പഠനം നടത്തി പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കുവാൻ തീരുമാനമായി. |
| (ഡി) | സംസ്ഥാനത്തെ മറ്റു നദീതടങ്ങളുടെ കാര്യത്തിൽ പുതിയ പദ്ധതികളെന്തെങ്കിലും പരിഗണനയിലുണ്ടോ; | | വേമ്പനാട് കായലിൽ പതിക്കുന്ന അച്ചൻകോവിൽ, മണിമല, കൊട്ടൂർ, മീനച്ചിൽ, മൂവാറ്റുപുഴ, പെരിയാർ എന്നീ നദികളുടെ പുനരുജ്ജീവനം ലക്ഷ്യമാക്കി ഒരു പഠനം നടത്താൻ ഭൗമശാസ്ത്ര ഗവേഷണ കേന്ദ്രത്തെ (CESS) ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ